No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു. ബി.ഫാം, ഫാം.ഡി കോഴ്സുകളിലേയ്ക്കും അപേക്ഷിക്കാം

2017-18 അധ്യയനവർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയം 2017 മാർച്ച് 9 (വ്യാഴാഴ്ച) വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചു. ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും 2017 മാർച്ച് 10 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.

19.02.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.448/2017/ ആ.കു.വ. പ്രകാരം സംസ്ഥാനത്തെ ബി.ഫാം, ഫാം.ഡി എന്നീ കോഴ്സുകളിലെ പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിലെ പേപ്പർ-1 (ഫിസിക്സ് & കെമിസ്ട്രി)-ലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനും, പ്രസ്തുത കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനും സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബി.ഫാം, ഫാം.ഡി കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ www,cee.kerala.gov.in എന്ന വെബ്സൈറ്റിലെ “KEAM 2017-Online Application” എന്ന ലിങ്കിലൂടെ 2017 മാർച്ച് 9 (വ്യാഴാഴ്ച) വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും 2017 മാർച്ച് 10 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.

**ഇതിനോടകം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി (KEAM 2017) ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർക്ക് “KEAM 2017-Online Application” എന്ന ലിങ്കിൽ പ്രവേശിച്ച് ലോഗിൻ ചെയ്ത ശേഷം ബി.ഫാം & ഫാം.ഡി കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. കൂടാതെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, മെഡിക്കൽ/അനുബന്ധ കോഴ്സുകളും ആവശ്യാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. ഇത്തരക്കാർ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും വീണ്ടും അയയ്ക്കാൻ പാടുള്ളതല്ല.**

പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, മെഡിക്കൽ/അനുബന്ധ കോഴ്സുകൾ, ബി.ഫാം & ഫാം.ഡി കോഴ്സുകൾ എന്നിവ തെരഞ്ഞെടുക്കുന്നതിന് അവസരം ഉണ്ടായിരിക്കും. പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നവർ മാത്രം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചാൽ മതിയാകും.

ബി.ഫാം, ഫാം.ഡി എന്നീ കോഴ്സുകളിലെ പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും, നിയമാവലിയും ഉൾപ്പെടുന്ന പ്രോസ്പെക്ടസ് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം

27 .02.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**